	ശമുവേൽ കോശി - തങ്കമ്മ ശമുവേൽ	കാവിനു കിഴക്കേതിൽ
12	മാത്യു കുര്യൻ - മറിയാമ്മ മാത്യു	വട്ടംപറമ്പിൽ
14	വർഗീസ് കോശി - ഓമന വർഗീസ്	മേലേക്കൂറ്റ്
15	ഡോ.മാത്യു തര്യൻ-ഡോ.സൂസൻ തര്യൻ	തേവർകാട്ടിൽ
16	പി. റ്റി. ജോർജ്ജ് - ആനി ജോർജ്ജ്	വെള്ളാപ്പള്ളിൽ
17	രാഹുൽ ചെറിയാൻ - ലിൻസാ	മലയിൽ പുത്തൻവീട്
26	കെ. റ്റി. ജോൺ - മേരിക്കുട്ടി ജോൺ	ഡിയോഡയിൽ
	ജോസഫ് കോശി-നിധി സാറാ ജേക്കബ്	പിള്ളപ്പറമ്പുമലയിൽ
	ജോർജ്ജ് ഉമ്മൻ - ആനി ജോർജ്ജ്	ബ്രൈറ്റ് വില്ല
28	റ്റോബി വർഗീസ് കോശി - ടാനിയ	മലയിൽ പിള്ളപ്പറമ്പിൽ
30	കെ.കെ.ഏബ്രഹാം-ശോശാമ്മ ഏബ്രഹാം	കല്ലറയിൽ

അനുഗ്രഹപൂർണ്ണമായ കുടുംബജീവിതം ആശംസിക്കുന്നു.

****

ഈ മാസത്തെ ഇടവകദൂതൻ സ്പോൺസർ ചെയ്യുന്നത്

Mrs. Chinnamma George,

Rose mount

In Loving memory of her beloved husband

George Mathew

(6th Death Anniversary)

സഭയുടെ നന്ദി അറിയിക്കുന്നു

MPK # 2211293

Estd : 1860

Phone : 0468 - 2312711
Mob : 9495106699

സി. എസ്. ഐ. സെന്റ് തോമസ് ചർച്ച്
പുന്നയ്ക്കാട്

മദ്ധ്യകേരള മഹാഇടവക

Website:
www.csipunnakkadu.org

E-mail:
revcijos@gmail.com

ഇടവക ദൂതൻ

വാല്യം: XVI 2013 നവംബർ ലക്കം: 10



കുറിവാക്യം

"പണ്ടുള്ള പൂർവ്വകാര്യങ്ങളെ ഓർത്തുകൊൾവിൻ;
ഞാനല്ലാതെ വേറൊരു ദൈവമില്ല" (യെശ.46: 9)

ഇടവകപ്പട്ടക്കാരന്റെ കത്ത്

കർത്താവിൽ പ്രിയരെ,

യേശുക്രിസ്തുവിന്റെ ധന്യനാമത്തിൽ നിങ്ങൾക്കേവർക്കും സ്നേഹവന്ദനം. അഖിലലോക സണ്ടേസ്കൂൾ ദിനവും സണ്ടേ സ്കൂൾ ഞായറാഴ്ചയും ശിശുദിനവും ഒക്കെ കൊണ്ടാടുന്ന സമയ മാണല്ലോ നവംബർ മാസം. കുഞ്ഞുങ്ങളോടുള്ള നമ്മുടെ ഉത്തര വാദിത്വത്തെ വളരെ ഗൗരവമായി ഓർപ്പിക്കുന്നതായ അവസരമാ ണിത്. ആസാഫിന്റെ ധ്യാനമായ 78-ാം സങ്കീർത്തനത്തിന്റെ ആദ്യത്തെ 8 വാക്യങ്ങൾ മക്കളോടുള്ള നമ്മുടെ കടമ ഓർപ്പിക്കുന്ന ഒരു വേദഭാഗമാണ്. Parenting with Purpose എന്ന ഒരു തലക്കെട്ട് ഇതിനു കൊടുക്കുവാൻ കഴിയും. നാലു പ്രമാണങ്ങൾ ഈ ഭാഗത്തു പറയുന്നുണ്ട്. Teach our children God's greatness (vs 1:4) എന്റെ വാക്കുകൾ ശ്രദ്ധിപ്പിൻ എന്നു പറഞ്ഞുകൊണ്ട് ആരംഭിച്ചിട്ട് സങ്കീർത്ത നക്കാരൻ പറയുന്നത്. 'വരുവാനുള്ള തലമുറയോട് ദൈവത്തിന്റെ വലുപ്പത്തെക്കുറിച്ച് പറയുവിൻ'. 'യഹോവയുടെ സ്തുതിയും ബലവും' അവൻ ചെയ്ത അത്ഭുത പ്രവൃത്തികളും വിവരിപ്പിൻ'. അവിടുന്ന് സർവ്വശക്തൻ, മഹോന്നതൻ, അത്ഭുതങ്ങളുടെ ദൈവം. നമ്മുടെ ദൈവത്തിന്നസാദ്ധ്യമായി ഒന്നുമില്ല എന്ന് നാം നമ്മുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കണം. Teach our children God's word (Vs. 5-6) ആധുനികയുഗം ജീവിതത്തിൽ ഉണ്ടാക്കാവുന്ന പ്രതിസന്ധിക ളിൽ ദൈവവചനം നമുക്ക് വഴികാട്ടിയാകുന്നു. നമ്മുടെ കാലിന് ദീപവും പാതയ്ക്ക് പ്രകാശവുമാണ് ദൈവവചനം. ജീവിതത്തിന് ഇളകാത്ത അടിത്തറ നല്കുവാൻ കഴിയുന്ന ദൈവവചനം നാം പഠി ക്കണം, പഠിപ്പിക്കണം.

Teach our Children to Trust God (V-7) ദൈവത്തിൽ വിശ്വസി ക്കുന്നതിന് എങ്ങനെ നമ്മുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കുവാൻ കഴിയും? ഒരു വിശ്വാസ ജീവിതം കാണിച്ചുകൊടുക്കുന്നതിലൂടെയും നാം ജീവി തത്തിൽ അനുഭവിച്ച ദൈവീക വിശ്വസ്തതയെക്കുറിച്ച് അവരോടു പങ്കുവെയ്ക്കുന്നതിലൂടെയുമേ ഇതു സാധിക്കൂ. യിസ്രായേൽ ജനം അവരുടെ മദ്ധ്യത്തിൽ ദൈവം ചെയ്തതിനെ വിസ്മരിച്ചു പോയതി നെക്കുറിച്ചും ഈ ഭാഗത്തു പറയുന്നുണ്ട്. ചെങ്കടലിനെ വിഭജിച്ചു അവർക്കായി ഉണങ്ങിയ നിലം നല്കിയതും മരുഭൂമിയിൽ ഭക്ഷണം ഒരുക്കിയതും എല്ലാം ദൈവത്തിന്റെ ജനം മറന്നുകളഞ്ഞു. നാം ഉറ

	കുഞ്ഞുമ്മൻ റ്റി. തര്യൻ	കരിംങ്കോളിക്കൽ
20	ജോർജ്ജ് കോശി (സജി)	പുന്നൂരേത്ത്
	ജിസ്സാ ആൻ തര്യൻ	മലയിൽ കാലായിൽ
	ഷാനൻ അന്ന ചെറിയാൻ	ഞായല്ലൂർ
21	ആദർശ് എസ്. തോമസ്	ഓവനാലിൽ
22	തരുൺ തര്യൻ തോമസ്	കരിംങ്കോളിക്കൽ
	റെയ്ച്ചൽ മനോജ് ചെറിയാൻ	പുത്തൻചിറയിൽ
	ക്രിസ്റ്റി മത്തായി തര്യൻ	മലയിൽ മാത്യു വില്ല
23	കോശി തര്യൻ (തമ്പി)	സന്തോഷ് ഭവൻ
	നിധി സാറാ ജേക്കബ്	മലയിൽ പിള്ളപ്പറമ്പിൽ
24	സാറാമ്മ തര്യൻ	നാൽപ്പതിനാഴിയിൽ
	അതുൽ കെ. തോമസ്	കാലായിൽ
25	സിത്താര തങ്കം തോമസ്	മേലേക്കൂറ്റ്
	ഷാജി മാത്യു തോമസ്	തോമസ് വില്ല
	മത്തായി കോശി	കിഴക്കേവീട്ടിൽ
27	റോജിൻ കെ. വർഗീസ്	മേലേക്കൂറ്റ്
28	ഓമന വർഗീസ്	മേലേക്കൂറ്റ്
	മാത്യു വർഗീസ്	പിള്ളപ്പറമ്പുമലയിൽ
29	കുര്യൻ മാത്യു (ബിജു)	മേലത്തേതിൽ
30	ലീലാമ്മ മത്തായി	കാഞ്ഞിക്കൽ
	ശോശാമ്മ മാത്യു	കാലായിൽ
	വി. പി. തോമസ്	മേലേക്കൂറ്റ്
	റേച്ചലമ്മ തര്യൻ	കാലായിൽ

ഏവർക്കും ജന്മദിനാശംസകൾ.
ദൈവാനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നു

വിവാഹ വാർഷിക സ്തോത്രം

യഹോവ വീടു പണിയാതിരുന്നാൽ പണിയുന്നവർ വൃഥാ അദ്ധ്വാനിക്കുന്നു.

നവംബർ

തീയതി	പേര്	വീട്ടുപേര്
05	എം. ഒ. കോശി - സോഫി മേരി കോശി	മലയിൽ
07	പ്ലെസി മാത്യു - അനു പ്ലെസി	പുന്നൂരേത്ത്
11	കെ.കെ. ഏബ്രഹാം-റേച്ചൽ ഏബ്രഹാം	പൂവക്കുന്നിൽ

പ്പോടെ ദൈവത്തിൽ ആശ്രയിക്കയും നാം അനുഭവിച്ച ദൈവകൃപ യെക്കുറിച്ചു സാക്ഷിക്കുകയും ചെയ്യണം.

Teach our children to obey God. (Vs. 7-8) നമ്മുടെ തലമുറ കൾ ശാഠ്യവും മത്സരവുമുള്ള തലമുറയായി ഹൃദയത്തെ സ്ഥിരമാ ക്കാതെ ദൈവത്തോടു അവിശ്വസ്ത മനസ്സുള്ളൊരു തലമുറയായി തീരാതിരിക്കുകയും വേണമെങ്കിൽ അവർ ദൈവത്തെ അനുസരിക്കു ന്നവരായും സമർപ്പണമുള്ളവരായും വളർന്നുവരണം. ദൈവത്തെ അനുസരിക്കണം എന്നു പറഞ്ഞതുകൊണ്ടുമാത്രം കാര്യമില്ല. നമ്മിൽ ആ അനുസരണം അവർ കാണണം. ദൈവം ഒരു വലിയ ഉത്തരവാ ദിത്വം നമ്മെ ഏല്പിച്ചിരിക്കുന്നു. അതു അർത്ഥവത്തായി നിർവ്വഹി ക്കുന്നതിനുള്ള കൃപ ദൈവം നമുക്ക് നല്കുമാറാകട്ടെ. 'കണ്ണുനീരോ ടുകൂടെ വിതയ്ക്കുന്നവനു മാത്രമേ ആർപ്പോടെ കൊയ്യുവാൻ' സാധിക്കൂ.

ദൈവം നമ്മെ ഏവരേയും അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ കർത്ത്യശുശ്രൂഷയിൽ,

പുന്നയ്ക്കാട്,
01-11-2013.

റവ. സി. ഐ. ജോസ്

വാർത്തകളും കുറിപ്പുകളും

മഹായിടവക അദ്ധ്യക്ഷൻ അറുപതിന്റെ നിറവിൽ : നമ്മുടെ മഹാ യിടവക അദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് കെ. ഉമ്മൻ തിരുമേനിയ്ക്ക് നവംബർ മാസം 29-ാം തീയതി 60 വയസ്സു പൂർത്തിയാകുകയാണ്. തിരുമേനിയുടെ ശുശ്രൂഷയിൽ ദൈവം നല്കിക്കൊണ്ടിരിക്കുന്ന എല്ലാ അനുഗ്രഹങ്ങൾക്കായും ദൈവത്തിനു സ്തോത്രം ചെയ്യാം. സർവ്വശ ക്തനായ ദൈവത്തിന്റെ നടത്തിപ്പും കാവലും എല്ലായ്പോഴും അനു ഭവിപ്പാൻ തിരുമേനിയെ ഇടയാക്കണമേ എന്ന് നമുക്ക് പ്രാർത്ഥിക്കാം.
ഐക്യ ഞായർ: നവംബർ 10-ാം തീയതി ഞായറാഴ്ച ഐക്യഞായ റാഴ്ചയായി ആചരിക്കുന്നതാണ്. രാവിലെ 8 മണിക്ക് പുന്നയ്ക്കാട് മാർത്തോമ്മാ പള്ളിയിൽ വച്ച് സി.എസ്.ഐ. ആരാധന നടത്തപ്പെ ടും. ഐക്യആരാധനയിൽ എല്ലാവരുടെയും പ്രാർത്ഥനാപൂർവ്വമായ സാന്നിദ്ധ്യം അഭ്യർത്ഥിക്കുന്നു. അന്നേദിവസം നമ്മുടെ പള്ളിയിൽ ആരാധന ഉണ്ടായിരിക്കുന്നതല്ല.

2013 നവംബർ 24, ഞായർ

ആഗമനത്തിനു മുൻപുള്ള ഞായർ - മദ്ധ്യസ്ഥത

യിരെ. 29: 1-17	1 തിമൊ. 2: 1-7
സങ്കീ . 85	മത്താ. 5: 43-48

പിറന്നാൾ സ്തോത്രം

എൻമനമേ യഹോവയെ വാഴ്ത്തുക, അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്

നവംബർ

തീയതി	**പേര്**	**വീട്ടുപേര്**
01	പൊന്നമ്മ ബെഞ്ചമിൻ മാത്യു	പാറയിൽ
03	കോശി. കെ. സാം	നികരിയിൽ
	അന്നമ്മ തോമസ്	മലയിൽ പുത്തൻവീട്
	രഞ്ചിനി സിറിൾ	പുന്നൂരേത്ത്
07	ജോർജ്ജ് വർഗീസ് (സണ്ണി)	മേലേക്കൂറ്റ്
	അലൻ അജി ജോർജ്ജ്	നികരിയിൽ
08	കെ. കെ. ഏബ്രഹാം (ബേബി)	കൊറ്റംകുളം
	റജി എൻ. ജോർജ്ജ്	നികരിയിൽ
09	സജു തമ്പി	പാണോത്തറയിൽ
	സെറിൻ മിലിഷ തര്യൻ	മലയിൽ ബല്ലാഡയിൽ
10	മേരിക്കുട്ടി	കിഴക്കേവീട്ടിൽ
	അലീന അന്ന പ്ലെസി	പുന്നൂരേത്ത്
12	ബിജു തര്യൻ	കാലായിൽ
	ആശിഷ് ഉമ്മൻ ജോർജ്ജ്	മലയിൽ ബ്രൂക്ക് വ്യൂ
13	ഫിലിപ്പ് ഫിലിപ്പ് (മോനി)	കൊറ്റംകുളം
	രൂപൻ റ്റോം കോശി	കൊറ്റംകുളം
14	മഞ്ജു ജോസഫ്	കല്ലറയിൽ
	അജോഷ് വി. ജോൺസൺ	വടക്കുവശത്ത്
15	ജെസ്സി കോശി	കൊറ്റംകുളം
	ലിഷ മേരി മോൻസി	കാഞ്ഞിക്കൽ
16	ബിന്ദു ഷാം	തോമസ് വില്ല
18	ജോർജ്ജ് ഉമ്മൻ	മലയിൽ ബ്രൈറ്റ് വില്ല
19	ഏബ്രഹാം ജോർജ്ജ് (ബാബു)	കൊച്ചേത്തുകാലായിൽ
	കോശി പി. തോമസ്	പുന്നൂരേത്ത്

എക്യുമെനിക്കൽ സ്ത്രീജനസഖ്യം : ഇലന്തൂർ സെന്റർയോഗം നവംബർ 8-ാം തീയതി വെള്ളിയാഴ്ച 10 a.m.-1 p.m. ഇലന്തൂർ സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ വച്ചു നടത്തപ്പെടും. റവ. കെ. തോമസ് (ചെങ്ങന്നൂർ - മാവേലിക്കര ഭദ്രാസന കൗൺസിലർ) പ്രസംഗിക്കും. നമ്മുടെ ഇടവകയിലെ എല്ലാ സ്ത്രീജനങ്ങളും ഇതിൽ പങ്കെടുക്കണം എന്ന് അപേക്ഷിക്കുന്നു.

ജില്ലാ W.M.A. : W.M.A. മീറ്റിംഗ് നവംബർ 9-ാം തീയതി ശനിയാഴ്ച 10 a.m.-1 p.m. കല്ലേലി സി.എസ്.ഐ. പള്ളിയിൽ വച്ചു നടത്തപ്പെടും. റവ. എം. സി. സാമുവൽ (മാർത്തോമ്മാ ഇടവക വികാരി, മൈലപ്ര) പ്രസംഗിക്കും. എല്ലാ സ്ത്രീജനങ്ങളും ഈ സമ്മേളനത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ദിശതാബ്ദി ധനസമാഹരണം : ദിശതാബ്ദി കാലഘട്ടത്തിൽ ചെയ്യുവാനാഗ്രഹിക്കുന്ന പല കാര്യങ്ങളും ആരംഭിച്ചുകഴിഞ്ഞു. നമ്മുടെ ഇടവകയിലെ ഒട്ടുമിക്കവാറും അംഗങ്ങൾ വാഗ്ദാന തുകകൾ അറിയിക്കുകയും അതു ക്രമമായി നല്കുവാനും തുടങ്ങി കഴിഞ്ഞു. വാഗ്ദാന തുകകൾ അറിയിക്കുവാനുള്ളവർ എത്രയുംവേഗം അത് അറിയിക്കുകയും ഈ വലിയ സംരംഭത്തിൽ സഹകരിക്കുകയും വേണം.

സെമിത്തേരി : നമ്മുടെ സെമിത്തേരി മനോഹരമാക്കുന്നതിനും കല്ലറകൾക്കു നമ്പർ ഇടുന്നതിനും നാം ശ്രമിച്ചുകൊണ്ടിരിക്കുകയാണല്ലോ. ഇടവകാംഗങ്ങൾ ഇതിൽ നന്നായി സഹകരിക്കുന്നു. പേര് എഴുതിയിട്ടില്ലാത്ത കല്ലറകൾ അത് ആരുടേതാണെന്ന് ബന്ധപ്പെട്ട കുടുംബാംഗങ്ങൾ എത്രയും വേഗം ദയവായി അറിയിക്കണം. കല്ലറകൾ തേച്ചുകഴുകി വൈറ്റ് സിമന്റ് അടിക്കണം എന്നാഗ്രഹിക്കുന്നു. സിംഗിൾ കല്ലറ 500 രൂപയും ഡബിൾ കല്ലറ 750 രൂപയും ഇതിനു ചെലവു പ്രതീക്ഷിക്കുന്നു. എല്ലാവരും ഇതിൽ സഹകരിക്കണം. സെമിത്തേരിയിൽ എന്തെങ്കിലും പണികൾ ചെയ്യാൻ ആഗ്രഹിക്കുന്നവർ (പുതിയ കല്ലറയോ, നിലവിലുള്ള കല്ലറയുടെ എന്തെങ്കിലും പണികളോ) ചർച്ചുകമ്മറ്റിയുടെ അനുവാദത്തോടുകൂടി മാത്രമേ ചെയ്യാവൂ എന്ന് അറിയിക്കുന്നു.

സൗഖ്യദായക പ്രാർത്ഥന: ഡിസംബർ 7 ശനിയാഴ്ച വൈകുന്നേരം 4.30ന് നമ്മുടെ പള്ളിയിൽ വച്ച് നടത്തപ്പെടും. റവ. ഡോ. ജോ ജോസഫ് കുരുവിള (ഡയറക്ടർ മാർത്തോമ്മാ കൗൺസിലിംഗ്) പ്രസംഗിക്കും. എല്ലാ ഇടവകാംഗങ്ങളുടെയും സാന്നിദ്ധ്യം അഭ്യർത്ഥിക്കുന്നു.

പ്രാർത്ഥനകൾ

ഒന്നാം ഭാഗം

03-11-2013 - 3 pm തോമസ് തര്യൻ, കരിങ്കോളിക്കൽ
10-11-2013 - 3 pm സാമുവൽ കോശി, നികരിയിൽ
17-11-2013 - 3 pm ഡോ. മാത്യു തര്യൻ, തേവർകാട്ടിൽ

രണ്ടാം ഭാഗം

24-11-2013 - 5 pm സൂസമ്മ കോശി, സുഗുഭവൻ

മൂന്നാം ഭാഗം

10-11-2013 - 4 pm റ്റി. വി. കോശി, തടത്തിൽ
17-11-2013 - 5 pm ഗ്രേസിക്കുട്ടി കോശി, കാലായിൽ
24-11-2013 - 4 pm തര്യൻ വർഗീസ്, കാലായിൽ

നാലാം ഭാഗം

03-11-2013 - 4pm അനിൽ എം. ജോർജ്ജ്, മലയിൽ ജോയിഭവൻ
17-11-2013 - 4pm ലില്ലിക്കുട്ടി മാത്യു, മേലത്തേതിൽ
24-11-2013 - 4pm വി. പി. തോമസ്, മേലേക്കൂറ്റ്

നവംബർ മാസത്തെ പഞ്ചാംഗം

2013 നവംബർ 3, ഞായർ

സണ്ടേസ്കൂൾ ഞായർ - സഭയിലെ പൈതങ്ങൾ

1 ശമു. 3: 1-21 എഫെ. 6: 1-4
സങ്കീ. 127 മർക്കോ. 10: 13-16

2013 നവംബർ 10, ഞായർ

സഭൈക്യ ഞായർ - ഒരിടയനും ഒരാട്ടിൻകൂട്ടവും

യെഹ. 37: 15-23 1 കൊരി. 12: 12-27
സങ്കീ. 122 യോഹ. 10: 7-18

2013 നവംബർ 17, ഞായർ

പെൺശിശു ഞായർ - പെൺശിശുക്കളോടുള്ള പ്രതിബദ്ധത

2 രാജാ. 5: 1-15 എബ്രാ. 5: 1-10
സങ്കീ. 115 മത്താ. 15: 21-28